**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-മാലിന്യ നിർമാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇ-മാലിന്യ നിർമാർജ്ജനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തന ഘടന ഓരോ ജില്ലയിലും എപ്രകാരമാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ സാഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മേൽ ഉത്തരവുകൾക്ക് വിധേയമായി ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുന:ചംക്രമണം നടത്തുവാനായി അംഗീകൃത റീസൈക്ളിംഗ് ഏജൻസികൾക്ക് കൈമാറുന്നുണ്ട്.<br><br>ഓഫീസുകളിൽ നിന്നും മറ്റും ഇ-മാലിന്യ ശേഖരണം കൃത്യമായും സമയബന്ധിതമായും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലകളിൽ നടത്തിവരുന്നു. ഓരോ ജില്ലയെയും 4 സെക്ടറുകളായി തിരിച്ച് ഓരോ സെക്ടറിനും ഓരോ ചാർജ് ഓഫീസറെ വീതം ചുമതലപ്പെടുത്തിയാണ് പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുന്നത്. ഇതിനായി ജില്ലകളിൽ ജീവനക്കാരുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>ഓഫീസുകളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് തന്നെ അവ നീക്കം ചെയ്യുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക അതാത് ഓഫീസുകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്നുണ്ട്.<br><br>ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മാത്രം 14 ജില്ലകളിൽ പ്രത്യേക വാട്സ്അപ് ഗ്രൂപ്പുകൾ ഉപയോഗിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ജില്ലകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ഡയറക്ടർ ബോർഡ് അംഗങ്ങൾ ഉൾപ്പെട്ടതും ക്ലീൻ കേരള കമ്പനിയുടെ ജില്ലാ മാനേജർമാർ ഉൾപ്പെട്ടതുമായി പ്രത്യേക വാട്സ്അപ് ഗ്രൂപ്പും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | മൂല്യ വർദ്ധിത സേവനമെന്ന നിലയിൽ ആപൽക്കരമായ മാലിന്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സിഎഫ്എൽ, പ്രിന്റർ കാർട്രിഡ്ജുകൾ, സിഡി, പൊട്ടിയ മോണിറ്ററുകൾ, ബൾബുകൾ എന്നിവ പ്രത്യേകമായി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ശേഖരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40 രൂപ എന്ന നിരക്കിൽ അവ നൽകുന്ന അതാത് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 3326/2017/തസ്വഭവ തിരുവനന്തപുരം, തീയതി 17.10.2017

പരാമർശം :- 1.സ.ഉ (സാധാ)നം.1117/16/തസ്വഭവ തീയതി 04.03.2016
2.ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 12.04.2017 ലെ A24/CKCL/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ,സർക്കാർ ഇതര സ്ഥാപനങ്ങൾ,പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ- മാലിന്യങ്ങൾ ശാസ്ത്രീയമായ പുനഃ ചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനും വേണ്ടി കിലോഗ്രാമിന് പത്ത് രൂപ നിരക്കിൽ ഇ-മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് നൽകികൊണ്ട് ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന ഇ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന M/s Earth Sense Recycle Pvt.Ltd എന്ന സ്ഥാപനവുമായി ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്നും ഇത്തരത്തിൽ നൽകുന്ന ഇ- മാലിന്യങ്ങൾക്ക് കിലോഗ്രാമിന് 45/- രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് M/s Earth Sense Recycle Pvt.Ltd നൽകുന്നുണ്ട് എന്നും എന്നാൽ കാഡ്മിയം, മെർക്കുറി തുടങ്ങിയ ആപൽകരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ട്യൂബ് ലൈറ്റ്, സി എഫ് എൽ പോലുള്ള വസ്തുക്കൾ ശേഖരിച്ച് നിർമാർജ്ജനം ചെയ്യുന്നതിലേക്കായി നൽകേണ്ടിവരുമ്പോൾ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെടുന്ന സ്ഥാപനത്തിന് കിലോഗ്രാമിന് 35 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി നല്കേണ്ടിവരുമെന്നും, ഈ സാഹചര്യത്തിൽ ട്യൂബ് ലൈറ്റ്, സി എഫ് എൽ, മറ്റു ആപൽക്കരമായ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്ന സാഹചര്യങ്ങളിൽ ആയത് ശേഖരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കിലോഗ്രാമിന് 40/- രൂപ നിരക്കിൽ ഈടാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ അപേക്ഷിച്ചിരുന്നു

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുബന്ധം 1 പ്രകാരമുള്ള ആപൽക്കരമായ വസ്തുക്കൾ അടങ്ങിയിട്ടുള്ള ഇ-മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40/- രൂപ നിരക്കിൽ അവ നൽകുന്ന അതാത് സ്ഥാപനങ്ങളിൽ നിന്ന് (സർക്കാർ/സർക്കാരിതര /പൊതുമേഖല )

ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട തുക പ്ലാൻ ഫണ്ടിൽ മാലിന്യ സംസ്കരണത്തിനായി നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നോ , തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കേണ്ടതാണ്.

4.സർക്കാർ/സർക്കാരിതര/പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും, ആപൽക്കരമല്ലാത്ത വസ്തുക്കൾ അടങ്ങിയിട്ടുള്ള, അനുബന്ധം 2 പ്രകാരമുള്ള ഇ-മാലിന്യങ്ങൾ ശേഖരിക്കുന്ന സാഹചര്യത്തിൽ ക്ലീൻ കേരള കമ്പനി,ഇ-മാലിന്യങ്ങൾ നല്കുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് നൽകുന്ന കിലോഗ്രാമിന് പത്ത് രൂപ എന്ന പഴയ നിരക്കിൽ തുടർന്നും ശേഖരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

എല്ലാ വകുപ്പ് അധ്യക്ഷന്മാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭാസ വകുപ്പ്/ഹയർ സെക്കണ്ടറി വിദ്യാഭാസം /വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭാസം
എല്ലാ പഞ്ചായത്തുകൾക്കും.(പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗര സഭകൾക്കും(നഗര കാര്യ ഡയറക്ടർ മുഖേന )
മാനേജിങ് ഡയറക്ടർ ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

<u>ഇ-മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിലേക്കായി ശേഖരിക്കുന്ന സാഹചര്യങ്ങളിൽ ആയത് ശേഖരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കിലോഗ്രാമിന് 40/- രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് ഈടാക്കാവുന്ന വസ്തുക്കൾ</u>

| | |
|---|---|
| 1. CFLs, | 2. DVDs |
| 3. Tube lights | 4. Magnetic Tapes |
| 5. Floppies | 6. Light fittings |
| 7. Used Toner Cartridges | 8. Reels |
| 9. Toys | 10. Picture tubes |
| 11. CDs | 12. Broken television |
| 13. Emergency Lamp | 14. Canibalaised broken It material and electric parts |

## അനുബന്ധം 2

<u>ഇ-മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് ക്ലീൻ കേരള കമ്പനി കിലോഗ്രാമിന് പത്ത് രൂപ നിരക്കിൽ നൽകിക്കൊണ്ട് ശേഖരിക്കേണ്ട വസ്തുക്കൾ</u>

| | |
|---|---|
| 1. CPU with all accessories | 2. Water Heater |
| 3. LCD/LED and CRT Monitors | 4. Electronic stove /Induction Cooker |
| 5. Laptops | 6. AC |
| 7. Servers | 8. Chargers |
| 9. Hard disks | 10. Air Cooler |
| 11. RAM | 12. Radio/tape recorder |
| 13. PCB boards | 14. Ceiling Fan |
| 15. CD Drive | 16. Pedestal/Table Fans |
| 17. UPS | 18. CD / DVD player |
| 19. Cables | 20. Lead Acid batteries |
| 21. Keyboard | 22. VCR |
| 23. Mouse | 24. Telephone |
| 25. Fax machine | 26. Mobile Phone |
| 27. Printer | 28. Connector |
| 29. Projector | 30. Thumb drives |
| 31. Photo Copy Machine | 32. Power control units |
| 33. Scanner and all type of IT accessories | 34. Handsets |
| 35. Home appliances | 36. Motors |
| 37. Refrigerator | 38. Calculators etc |
| 39. Washing machine | 40. Chokes |
| 41. Television | 42. Broken IT material and electronic peripherals |
| 43. Iron Box | 44. Sound systems |